അംഗൻവാടി

273 (3253) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഇതുവരെ എത്ര മാതൃകാ അംഗൻവാടികൾ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ മാതൃകാ അംഗൻവാടിക്കും എത്ര വീതം തുകയാണ് ഗവൺമെന്റ് അനുവദിച്ചതെന്നും എന്തൊക്കെ സൗകര്യങ്ങളാണ് കുട്ടികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ ;

(സി) ഏലത്തൂർ നിയോജക മണ്ഡലത്തിൽ ഏത് അംഗൻവാടിയെയാണ് മാതൃകാ അംഗൻവാടിയായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 10 നിയോജകമണ്ഡലങ്ങളിലായി 10 മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഓരോ അംഗൻവാടിക്കും 23.75 ലക്ഷം രൂപയാണ് നിർമ്മാണ ചെലവ്. ഇതിൽ വകുപ്പ് വിഹിതമായി 17 ലക്ഷം രൂപയും ബന്ധപ്പെട്ട എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 6.75 ലക്ഷം രൂപയും ചെലവഴിക്കേണ്ടതാണ്. ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ്, ക്ലാസ് റൂം, ഡൈനിംഗ് റൂം, ഫീഡിംഗ് ആന്റ് ഇമ്മ്യൂണൈസേഷൻ റൂം, പ്ലേ ഗ്രൗണ്ട് തുടങ്ങിയ സൗകര്യങ്ങൾ കുട്ടികൾക്കായി നൽകുവാൻ ഉദ്ദേശിക്കുന്നു.

(സി) ഏലത്തൂർ നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി കുന്നമംഗലം ഐ.സി.ഡി.എസ്സിൻ കീഴിലെ കുരുവട്ടൂർ ഗ്രാമ പഞ്ചായത്തിലെ 92-ാം നമ്പർ അംഗൻവാടിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

മാവേലിക്കര മണ്ഡലത്തിലെ അംഗൻവാടികൾ

274 (3254) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര അംഗൻവാടികളാണ് ഉള്ളതെന്നും അവ ഏതൊക്കെയെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സ്വന്തമായി സ്ഥലമുള്ളവ/സ്ഥലവും കെട്ടിടവുമുള്ളവ ഏതൊക്കെയെന്ന് തരംതിരിച്ചു വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നൽകുന്നതിന് നിലവിലുള്ള പദ്ധതികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ 263 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

പ്രോജക്ട്	പഞ്ചായത്ത്	എണ്ണം
മാവേലിക്കര	തഴക്കര	35
മാവേലിക്കര	തെക്കേക്കര	32
മാവേലിക്കര	ചെന്നിത്തല	30
മാവേലിക്കര	മാവേലിക്കര മുനിസിപ്പാലിറ്റി	28
ഭരണിക്കാവ്	ചുനക്കര	22
ഭരണിക്കാവ്	നൂറനാട്	29
ഭരണിക്കാവ്	പാലമേൽ	30
ഭരണിക്കാവ്	താമരക്കുളം	27
ഭരണിക്കാവ്	വള്ളിക്കുന്നം	30

(ബി) സ്വന്തമായി സ്ഥലമുള്ളവ/സ്ഥലവും കെട്ടിടവുമുള്ളവയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

ഐ.സി.ഡി.എസ്സ്.	പഞ്ചായത്ത്	സ്ഥലം ഉള്ളവ	സ്ഥലവും കെട്ടിടവും ഉള്ളവ
മാവേലിക്കര	തഴക്കര	--	8
മാവേലിക്കര	തെക്കേക്കര	1	10
മാവേലിക്കര	ചെന്നിത്തല	--	3
മാവേലിക്കര	മാവേലിക്കര മുനിസിപ്പാലിറ്റി	--	2
ഭരണിക്കാവ്	ചുനക്കര	5	9
ഭരണിക്കാവ്	നൂറനാട്	2	12
ഭരണിക്കാവ്	പാലമേൽ	1	21
ഭരണിക്കാവ്	താമരക്കുളം	3	18
ഭരണിക്കാവ്	വള്ളിക്കുന്നം	4	11

LIBRARY ARCHIVES Kerala Legislative Assembly

(സി) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതികൾ ഒന്നുംതന്നെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഇല്ല. നിലവിൽ സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി NABARD, RIDF, മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം, പ്ലാൻ ഫണ്ട് തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി നിർമ്മാണം നടന്നുവരുന്നു.

സമൂഹത്തിലെ ദുർബ്ബലർക്ക് സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

275 (3255) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമൂഹത്തിലെ ദുർബ്ബലർ, അശരണർ, ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്നവർ, അംഗപരിമിതർ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും ആനുകൂല്യം ലഭിക്കുന്നതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടത് ; അപേക്ഷയുടെ മാതൃക വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മേൽപ്പറഞ്ഞ ഓരോ പദ്ധതിയും നടപ്പാക്കുന്നതിനായി എത്ര തുക ചെലവഴിച്ചുവെന്ന് പദ്ധതിയുടെ പേരും വർഷവും സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതി, പട്ടികവർഗ്ഗ സാമൂഹ്യക്ഷേമ പദ്ധതികൾ

276 (3256) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പ് വഴി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കുമായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly